I ഇ.ബി. XII-കേരള നിയമസഭ /V-1

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂൺ 19, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2007 ജൂൺ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

അടിയന്തിര പ്രമേയം

**പകർച്ചപ്പനി**

മി. സ്പീക്കർ : സംസ്ഥാനത്ത് 10 ലക്ഷത്തിൽ കൂടുതൽ ആളുകൾക്ക് പകർച്ചപ്പനി പിടിപെട്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ ഭയാശങ്കമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. ജോസഫ്, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : 2007 ജനുവരി മുതൽ ഇന്നുവരെയുള്ള കണക്കുകൾ

പരിശോധിച്ചാൽ 10 ലക്ഷം പേർക്കാണ് പനി പിടിപെട്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. കഴിഞ്ഞ വർഷമുണ്ടായ പകർച്ചപ്പനി കണക്കിലെടുത്ത് ഈ വർഷം വളരെ നേരത്തെതന്നെ പ്രതിരോധ നടപടികൾക്ക് തുടക്കം കുറിച്ചു. എല്ലാ ജില്ലകളിലും 2007 ഫെബ്രുവരി മാസം മുതൽ ജില്ലാ വകുപ്പുതലവന്മാരുടെ യോഗം വിളിച്ചുചേർത്ത് പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്തു പ്രതീക്ഷയ്ക്കു വിരുദ്ധമായി പകർച്ചപ്പനി കണ്ട സ്ഥലങ്ങളിൽ സംസ്ഥാനതല എൻഡമോളജി ടീം പഠനം നടത്തി ഗവണ്മെന്റിന് റിപ്പോർട്ട് നൽകി. അതനുസരിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാന്മാരും അദ്ധ്യക്ഷരായുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രതിരോധ നടപടികൾ ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പ് കൺട്രോൾ റൂം തുറക്കുകയും ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അവിടെ ക്യാമ്പ് ചെയ്ത് പ്രവർത്തിക്കുകയും ചെയ്തു. കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പനിബാധിത പ്രദേശങ്ങളിൽ സാനിട്ടേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായം നൽകിയതിനുപുറമെ കിടത്തി ചികിത്സിക്കുന്ന ആശുപത്രികളിൽ കൊതുകുവല കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പനി ബാധയുണ്ടെന്ന് കണ്ടയുടനെതന്നെ അവിടെ കൺട്രോൾ റൂം തുറന്ന് പ്രവർത്തനമാരംഭിച്ചു. ഗവണ്മെന്റ് ആശുപത്രികളിൽ കെ.എസ്.ഡി.പി. വഴിയും സി.പി.സി വഴിയും അത്യാവശ്യ മരുന്നുകൾ വാങ്ങി എത്തിക്കുകയും മറ്റു ജില്ലകളിൽ നിന്നുപോലും ഡോക്ടർമാരേയും

നഴ്സുമാരേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും നിയോഗിച്ച് ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്. ഓരോ വാർഡിലും ജെ.എച്ച്.ഐ. പോലെയുള്ള ഫീൽഡ് സ്റ്റാഫിനെ നിയോഗിച്ചു. പല കാരണങ്ങളാൽ ക്ളീനിംഗ് സ്റ്റാഫിന്റെ നിയമനത്തിന് കോടതി സ്റ്റേ നിലവിലുള്ളതിനാൽ ഗവൺമെന്റ് താൽക്കാലിക ഓർഡറിലൂടെ ക്ളീനിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിന് ഉത്തരവിറക്കിയെങ്കിലും അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ പനിബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ഹോമിയോ, ആയുർവ്വേദ, അലോപ്പതി ചികിത്സകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ച് ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലേയും അമൃതാ മെഡിക്കൽ കോളേജിലേയും ഡോക്ടർമാരുടേയും മറ്റു സംവിധാനങ്ങളുടേയും സഹായം ഈ പ്രദേശങ്ങളിൽ ലഭിച്ചു. ഹോമിയോ, ആയുർവ്വേദ, അലോപ്പതി വിഭാഗങ്ങൾ നടത്തിയ സംയുക്ത മെഡിക്കൽ ക്യാമ്പിലൂടെ ആയിരക്കണക്കിന് ആളുകൾക്ക് ചികിത്സ നേടാൻ സാധിച്ചിട്ടുണ്ട്. ഐ.എം.എ.യുടെ സഹായവും ലഭിച്ചിട്ടുണ്ട്. കൊതുകു നിർമ്മാർജ്ജനത്തിലൂടെയല്ലാതെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമില്ലെന്നതു കണക്കിലെടുത്ത് പൂർണ്ണമായ ഫോഗിംഗ് സിസ്റ്റം പൈനാപ്പിൾ തോട്ടങ്ങളിലും പ്ളാന്റേഷൻ മേഖലകളിലും നടത്തുന്നതിന് പുറമേ കൊച്ചിൻ നാവിഗേഷനിലെ ഡോക്ടർമാരുടേയും ആവശ്യമായ മറ്റ് സ്റ്റാഫിന്റേയും സേവനം ഉപയോഗപ്പെടുത്താമെന്ന് പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി അറിയിച്ചിട്ടുണ്ട്. ഫലപ്രദമായ ഫോഗിംഗ് സംവിധാനമായിരുന്നു പ്രതിരോധ വകുപ്പിന്റെ അഞ്ച് ടീമുകളിലൂടെ ലഭിച്ചത്. എല്ലാപേരുടേയും

കൂട്ടായ പരിശ്രമത്തിന്റെ ഫലമായി പകർച്ചപ്പനി ഇപ്പോൾ നിയന്ത്രണ വിധേയമാണ്.

ശ്രീ. കെ. സി. ജോസഫ്: കേരളത്തിൽ വളരെ ഗുരുതരമായ സാഹചര്യം ഉണ്ടായിട്ടും നിസ്സംഗതാപൂർവ്വമായ മറുപടിയാണ് മന്ത്രി ഇവിടെ നൽകിയത്. അടിയന്തിരമായി നിയമസഭാസമ്മേളനം വിളിച്ച് ചേർത്ത് ചർച്ച ചെയ്യേണ്ട ഒരു വിഷയമായിരുന്നു ഇത്. സമീപകാലങ്ങളി ലൊരിക്കലും ഉണ്ടാകാത്ത വിധത്തിലാണ് സംസ്ഥാനത്ത് ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ടൈഫോയ്ഡ് എന്നിവ പടർന്നുപിടിച്ചിരിക്കുന്നത്. പത്ത് ലക്ഷത്തോളംപേർക്ക് ഇതിനോടകം പനി ബാധിച്ചുവെന്നാണ് കണക്ക്. പനിമൂലം മരണമടഞ്ഞവരുടെ എണ്ണം എൺപതിനോടടുത്തിട്ടും പനി നിയന്ത്രണ വിധേയമാണെന്നാണ് പറയുന്നത്. പ്രൈവറ്റ് ആശുപത്രികളിൽ പനി ബാധിച്ച് ചികിത്സക്കെത്തിയ രോഗികളുടെ വിവരം മറച്ചുവച്ചുകൊണ്ട് സർക്കാർ ആശുപത്രികളിൽ വന്ന രോഗികളുടെ കണക്ക് മാത്രമെടുത്ത് മന്ത്രി മറുപടി നൽകിയത് ശരിയായ നടപടിയായി കാണാൻ കഴിയില്ല. സംസ്ഥാനത്ത് മരണങ്ങൾ വ്യാപകമായിട്ടുപോലും പല ആശുപത്രികളിലും ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തിയിട്ടില്ല. പകർച്ചപ്പനി രൂക്ഷമായിട്ടുള്ള പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ മൂന്ന് ഒഴിവുകൾ ഇനിയും നികത്തിയിട്ടില്ല. പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുന്നതിനുപകരം യാഥാർത്ഥ്യങ്ങൾ കാണാൻ ഗവൺമെന്റ് തയ്യാറാകണം. ക്രൈസിസ് മാനേജുമെന്റിന്റെ കാര്യത്തിലും ആരോഗ്യരംഗം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ ഈ ഗവൺമെന്റ് തകർത്തിരിക്കുകയാണ്. പകർച്ചപ്പനി നേരിടാൻ

സൈന്യത്തെവരെ ഇടപെടുത്തേണ്ട സാഹചര്യമുണ്ടായി. ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും പബ്ളിക് ഹെൽത്ത് സെന്ററുകളിൽ അവരുടെ അവശതകൾ മറന്നുകൊണ്ട് ഇപ്പോൾ പണിയെടുക്കുന്നുണ്ട്. മുണ്ടക്കയത്തും കാഞ്ഞിരപ്പള്ളിയിലും സൗജന്യ റേഷൻ പ്രഖ്യാപിച്ചുവെങ്കിലും അനേകം കടമ്പകൾ കടന്നെങ്കിൽ മാത്രമേ രോഗികൾക്ക് സൗജന്യ റേഷൻ ലഭിക്കുകയുള്ളു. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ അതിന്റെ പരിരക്ഷ ഇന്ന് രോഗികൾക്ക് ലഭിക്കുമായിരുന്നു. കാഞ്ഞിരപ്പള്ളി ടൗൺ ഹാളിൽ പനിബാധിതർക്കുവേണ്ടി ക്യാമ്പ് തുറക്കുമെന്ന ഗവൺമെന്റിന്റെ ഉറപ്പ് ഇതുവരെ നടപ്പാക്കിയിട്ടില്ല. മുണ്ടക്കയം പി.എച്ച്.സി.യിൽ പനിബാധിച്ച് ഒരു ദിവസം ഒ.പി.യിൽ വരുന്നവരുടെ എണ്ണം 2800-ന് മുകളിലാണ്. സംസ്ഥാനത്ത് ഇത്രയും ഗുരുതരമായ സാഹചര്യമുണ്ടായി ഒരു മാസം കഴിഞ്ഞിട്ടും മുഖ്യമന്ത്രി പനിബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടില്ല. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഒട്ടും കുറച്ചുകാണുന്നില്ല. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലെ എട്ട് സംസ്ഥാനങ്ങളിൽ ഇപ്പോൾ പകർച്ചപ്പനിയുള്ളതായിട്ടാണ് അറിയുന്നത്. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഈ എട്ട് സംസ്ഥാനങ്ങളിലേയും ആരോഗ്യ വകുപ്പുമന്ത്രിമാരുടെ യോഗം വരുന്ന 21-ാം തീയതി വിളിച്ചിരിക്കുകയാണ്. പകർച്ചപ്പനി സംബന്ധിച്ച് ഭീതി സൃഷ്ടിക്കുന്ന രീതിയിലുള്ള വാർത്തകൾ

പത്രമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുന്ന കാര്യത്തിൽ നല്ല രീതിയിലുള്ള ബോധവൽക്കരണവും അവർ നിർവ്വഹിക്കുന്നുണ്ട്. പകർച്ചപ്പനി നേരിടുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനത്തിനും മറ്റുമായി 10 കോടി രൂപയുടെ ധനസഹായം ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും ബുദ്ധുമുട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ പകർച്ചവ്യാധികൾമൂലമുള്ള മരണനിരക്ക് കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഇന്ന് പനി നിയന്ത്രണവിധേയമാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് മലിനീകരണനിയന്ത്രണത്തിനുവേണ്ടി കേന്ദ്രഗവണ്മെന്റ് നടപ്പാക്കിയ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 200 കോടി രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം കൊടുക്കുകയും ഹെൽത്ത് മിഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവനം ഏറ്റവും ഫലപ്രദമാക്കി മാറ്റാനാവശ്യമായ നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അനധികൃതമായി ലീവ് എടുത്ത് പോയിട്ടുള്ള ഡോക്ടർമാരോട് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ തിരികെ പ്രവേശിക്കാതെ വന്നാൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട് ആ ഒഴിവുകൾ നികത്താനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

പി.എച്ച്. സെന്റർ മുതൽ മെഡിക്കൽ കോളേജ്തലം വരെയുള്ള ആശുപത്രികളിൽ ഫലപ്രദമായ ചികിത്സാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ ഗവണ്മെന്റിന്റെ നയം. അതിനായി പ്രതിപക്ഷത്തിന്റെ സഹായം അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): പതിനായിരക്കണക്കിന് ആളുകൾ ദിവസേന പനി ബാധിച്ച് ആശുപത്രിയിൽ വരികയും അതിൽ ചിലർ മരണപ്പെടുകയും ചെയ്യുന്ന ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മരണനിരക്കും പനിബാധിതരുടെ എണ്ണവും കുറഞ്ഞുവരുന്ന സ്ഥിതിക്ക് കേരളത്തിൽ ഉൽക്കണ്ഠയും പരിഭ്രമവും ഉണ്ടെന്ന് ബോധപൂർവ്വം സൃഷ്ടിക്കാനുള്ള ഒരു ശ്രമമാണ് പ്രതിപക്ഷനേതാവ് നടത്തുന്നത്. ആ സ്ഥിതിക്ക് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഇത്രയും ഗുരുതരമായ ഒരു സ്ഥിതിവിശേഷം നാട്ടിലുണ്ടായിട്ട് അത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന മുഖ്യമന്ത്രിയുടെ മറുപടിയിൽ ശക്തിയായി പ്രതിഷേധിക്കുന്നു. കഴിഞ്ഞ വർഷം ചിക്കുൻഗുനിയ വന്നശേഷം ഗവണ്മെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ ഈ ഗവണ്മമെന്റ് പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ്

ആരോഗ്യ വകുപ്പിന് അനുവദിച്ചുകൊടുത്ത തുകപോലും ചെലവഴിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടില്ല. പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും ഡോക്ടർമാരുടെ ഒഴിവുകൾ യഥാസമയം നികത്താൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ കുറവ് നികത്താനുള്ള നടപടി സ്വീകരിക്കണം. ആരോഗ്യരംഗത്ത് യൂറോപ്യൻ രാജ്യങ്ങളുടെ നിലവാരത്തിലേയ്ക്ക് ഉയർന്നു വന്ന കേരളം കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് പിന്നോക്കം പോയിരിക്കുകയാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിക്കുന്നതിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്നു. കേരളത്തിന്റെ ആരോഗ്യമേഖലയെ പുഷ്ടിപ്പെടുത്തുന്നതിനായി കേന്ദ്രഗവണ്മെന്റ് അനുവദിക്കുന്ന ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്ത മന്ത്രിക്ക് കഴിഞ്ഞ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ വിമർശിക്കാൻ ധാർമ്മികമായി അവകാശമില്ല.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കഴിഞ്ഞ ആഗസ്റ്റിലാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഡയറക്ടർ കേരളത്തിൽ വന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെയും തീരുമാനപ്രകാരം ഇൻസ്റ്റിറ്റ്യൂഷൻവൈസായി കേരളത്തിലെ 115 കമ്മ്യൂണിറ്റി സെന്ററുകളുടെയും പഠനം നടത്തി ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന് ഏകദേശം 200 കോടി രൂപ ലഭിക്കുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: നേരത്തേ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നടത്തിയ സർവ്വേയിൽ കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളിൽ 50% കെട്ടിടങ്ങളും മുറികളും ഉപയോഗി

ക്കാതെ കിടക്കുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. ആശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, മാൻപവർ, മരുന്നുകൾ എന്നിവയ്ക്കുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക സിവിൽ-ഇലക്ട്രിക്കൽ വർക്കുകൾ ടെണ്ടർ ചെയ്യാനുപയോഗിക്കുന്ന നടപടി ശരിയല്ല. ഒരു കൊല്ലമായിട്ടും എൻ.ആർ.എച്ച്.എം.ൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജരെ നിയമി ക്കാത്തതുകൊണ്ട് ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധി ക്കുന്നില്ല. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെ ഈ ഗവൺമെന്റ് അട്ടിമറിച്ചു. ക്രൈസിസ് മാനേജ്മെന്റിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടു. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു പാരാ മെഡിക്കൽ സ്റ്റാഫിന്റെയും ഈ അവസരത്തിലുള്ള സേവനം അഭിന ന്ദനീയമാണ്. ഈ രംഗത്ത് ഒരു കോ-ഓർഡിനേഷനുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സ്ക്കൂളുകൾക്ക് അവധി കൊടുത്തിരു ന്നുവെങ്കിൽ പനി കുറച്ചെങ്കിലും നിയന്ത്രിക്കാൻ കഴിയുമായിരുന്നു. പനിബാധിത പ്രദേശങ്ങളിലുള്ളവർക്ക് സൗജന്യ റേഷൻ ലഭ്യമാക്കണം. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണ്. മുഴുവൻ ഹൗസ് സർജൻമാ രുടേയും പി.ജി. വിദ്യാർത്ഥികളുടേയും നഴ്സിംഗ് വിദ്യാർത്ഥികളുടേയും സേവനം ഗ്രാമങ്ങളിൽ ലഭ്യമാക്കണം. ദിവസംതോറും ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യാൻ പറ്റില്ലെന്നുള്ള ഗവൺമെന്റ് നിലപാടിനോട് യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഭരണ കക്ഷിയുമായി സംസാരിച്ച് ചർച്ചയ്ക്ക് സാഹചര്യമുണ്ടാക്കണം.

<u>മി. സ്പീക്കർ</u>: ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ച് മുഖ്യമന്ത്രിയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയും വിശദീകരിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷ നേതാവ് സംസാരിച്ചത്.

(സഭാനടപടികൾ നിറുത്തിവച്ച് അടിയന്തിരപ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലേയ്ക്കിറങ്ങി മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു.)

## <u>ശ്രദ്ധക്ഷണിക്കൽ</u>

(ഒന്നാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. ബി. ബാബു പ്രസാദ് സീറ്റിലില്ലാതിരുന്നതിനാൽ അത് ഉന്നയിക്കപ്പെട്ടില്ല.)

### (2) <u>ബി.പി.എൽ.സർവ്വേയ്ക്ക് പുതിയ മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി. രാഘവൻ:</u> ബി.പി.എൽ. രംഗത്ത് കേന്ദ്രഗവണ്മെന്റും കേന്ദ്ര പ്ലാനിംഗ് ബോർഡും കാണിക്കുന്ന അവഗണനയ്ക്കെതിരെ സംസ്ഥാന ഗവൺമെന്റ് ഉറച്ച നിലപാട് സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u>: കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥ ദാരിദ്ര്യാവസ്ഥ പരിഗണിക്കാതെയാണ് കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും ബി.പി.എൽ. സംബന്ധിച്ച നിർദ്ദേശം തന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തുകയും ഈ നിർദ്ദേശം അപ്രായോഗികമാണെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തി

ട്ടുണ്ട്. ഈ പ്രശ്നം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്ന് തിരുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1 മുതൽ 10 വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

### (1) 2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2007- ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച

II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2007- ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2007- ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.51-ന് പിരിഞ്ഞു.

*************